പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 889 13.6.2012 ലെ മറുപടിക്ക്

**ചേലക്കരയിൽ എസ്.സി.പി. ഫണ്ട് ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ചേലക്കര നിയോജകമണ്ഡലത്തിൽ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട ഏതെല്ലാം കുടിവെള്ള പദ്ധതികളുടെ അപേക്ഷകളാണ് പട്ടികജാതി വികസന വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിയ്ക്കാമോ ; | എ) I. കൊണ്ടാഴി ഗ്രാമ പഞ്ചായത്തിലെ താഴെപറയുന്ന പദ്ധതികൾ<br>1. തോട്ടശ്ശേരിക്കുണ്ട് കുടിവെള്ളപദ്ധതി.<br>2. വാഴാട് കോളനി കുടിവെള്ള പദ്ധതി<br>3. പൊട്ടിക്കുന്ന് വെളുത്തേടത്ത് പാറ കുടിവെള്ള പദ്ധതി<br>4. കോലക്കാട്ടുകുണ്ട് കുടിവെള്ള പദ്ധതി<br><br>II. ചേലക്കര ഗ്രാമ പഞ്ചായത്തിലെ താഴെപറയുന്ന പദ്ധതികൾ<br>പാറപ്പുറം രാമൻകണ്ടത്ത് കോളനി, കുറ്റിക്കാട്ട് കോളനി, കൃപാനഗർ കോളനി<br><br>III. മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിലെ എടപ്പാറ കോളനി<br><br>IV. വരവൂർഗ്രാമ പഞ്ചായത്തിലെതെക്കുമുറി സാംബവ കോളനി<br><br>V. തിരുവില്വാമല പഞ്ചായത്തിലെ<br>1. കുനംപറമ്പ് എസ്. സി കോളനി<br>2. തേലക്കാട്ട് കുന്ന് കോളനി<br>3. മാണിയങ്ങാട്ട് കോളനി<br>4. വാരിയത്ത് പടി കോളനി<br><br>VI. പൂളയ്ക്കപ്പറമ്പ് കുടിവെള്ള പദ്ധതി<br>VII. മേലേപ്പാട്ട് തൊടി കുടിവെള്ള പദ്ധതി<br>VIII. ആമപ്പാറചുവട് കുടിവെള്ള പദ്ധതി<br>IX. ചൊറിയിക്കൽതൊടി (ചോലമ്മക്കാവ്) കുടിവെള്ള പദ്ധതി |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും അവ അംഗീകരിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ ; | ബി) മേൽവിവരിച്ച പദ്ധതികളിൽ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിലെ പദ്ധതികൾക്ക് 15 ലക്ഷംരൂപ അനുവദിച്ച പണി പൂർത്തീകരിച്ചിട്ടുണ്ട്. പാറപ്പുറംരാമൻകണ്ടത്ത് കോളനി, കുറ്റിക്കാട്ട് കോളനി, കൃപാനഗർ കോളനി പദ്ധതി നടത്തിപ്പിനായി 13 ലക്ഷംരൂപ 2010-11 സാമ്പത്തിക വർഷംഅനുവദിച്ചിട്ടുണ്ട് . മറ്റു കുടിവെള്ള പദ്ധതികളുടെ സോഷ്യൽമാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് എന്നിവയിലെ പോരായ്മകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന്. ജില്ലാ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ 5 ലക്ഷം രൂപയിൽ താഴെ അടങ്കൽ തുക വരുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനും ജില്ലാ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| സി) അവയിൽ ജില്ലാ സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പുകളുടെ പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമാണ്; | സി) പൂളയ്ക്കപ്പറമ്പ് കുടിവെള്ള പദ്ധതി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്. |
| (ഡി) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പട്ടികജാതി കോളനികൾക്കുവേണ്ടി സമർപ്പിക്കപ്പെട്ട പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുവാനും അവ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | ഡി) പട്ടികജാതി കോളനികളുടെ കുടിവെള്ള ക്ഷാമം പരിഹരിയ്ക്കുന്നതിനായി വകുപ്പ് അധിക പരിഗണന നല്കുന്നുണ്ട്. ഫീസിബിളായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്, വകുപ്പ് നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ